LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടപ്പത്രം പുറപ്പെടുവിക്കാനുള്ള അനുമതി നൽകുന്നത് കേന്ദ്രസർക്കാരാണ്. 2015-16 സാമ്പത്തിക വർഷത്തെ വായ്പ പരിധിയായ 15605 കോടി രൂപയിൽ (തനി) ആദ്യ മൂന്ന് പാദങ്ങളിലായി 11500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കാനാണ് സംസ്ഥാനത്തിന് അനുമതി ലഭിച്ചിട്ടുള്ളത്.

(ബി) ഇതിൽ 30-11-2015 വരെ 10450 കോടി രൂപ സമാഹരിച്ചു.

(സി) വായ്പ എടുത്ത മുഴുവൻ തുകയും Consolidated Fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated Fund-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ, മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവയിൽനിന്നും എടുത്ത വായ്പയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

വായ്പകൾക്ക് സബ്സിഡി ലഭ്യമാണോ എന്നതിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമാക്കാൻ ഭരണാനുമതി

93 (1919) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും നൽകുന്നതിന് എം.എൽ.എ.യുടെ നിർദ്ദേശം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി അടിയന്തിരമായി ലഭ്യമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ടി പ്രവൃത്തി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. സർക്കാർ, എയ്ഡഡ് മേഖലകളിൽ ഉൾപ്പെട്ട സ്കൂളുകളിലാണ് പ്രവൃത്തി നടപ്പാക്കുവാൻ അനുമതി ആവശ്യപ്പെട്ടിരുന്നത്. മണ്ഡല ആസ്തി വികസന പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത് പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതും മൂലധന സ്വഭാവമുള്ളതുമായ സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയായതിനാൽ എയ്ഡഡ് മേഖലയിലുള്ള സ്കൂളുകൾക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുവദിക്കാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളതെന്നും ആയതിനാൽ സർക്കാർ മേഖലയിൽ ഉൾപ്പെടുന്ന സ്കൂളുകൾ മാത്രമായി ഉൾപ്പെടുത്തി പ്രവൃത്തി നിർദ്ദേശം സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ധനവകുപ്പിൽ ടി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ധനാനുമതിയും തുടർന്ന് ഭരണാനുമതിയും നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

94 (1920) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി ഇതേവരെ എത്ര കോടി രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വിഹിതത്തിൽ ഇനി എത്ര കോടി രൂപ അനുവദിച്ചു നൽകാനുണ്ട് എന്നും ആയത് എന്നത്തേക്ക് നൽകാൻ കഴിയും എന്നുമുള്ള വിശദാംശങ്ങൾ നല്കുമോ ?

ഉത്തരം

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശുപാർശ പ്രകാരം 2015-16 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതമായി ഇതേവരെ (2015 നവംബർ 30) 2573.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വിഹിതത്തിൽനിന്നും ഇനി 2225.33 കോടി രൂപ അനുവദിച്ചുനൽകാനുണ്ട്. പ്രാദേശിക സർക്കാരുകളുടെ എണ്ണത്തിലും ഘടനയിലും 2015 നവംബർ ഒന്നുമുതൽ സർക്കാർ പരിഷ്കരണം വരുത്തിയിരുന്നു. ആയതിനാൽ പ്രാദേശിക സർക്കാരുകളുടെ തുടർന്നുള്ള പദ്ധതി വിഹിതം പുനർനിർണ്ണയിക്കേണ്ടതുണ്ട്. അത് സംബന്ധിച്ച നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് കൈക്കൊണ്ട് വരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് എത്രയും വേഗം ബാക്കിയുള്ള പദ്ധതി വിഹിതം അനുവദിച്ചുനൽകുന്നതാണ്.